## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. 1932 05/10/2016-ൽ മറുപടിയ്ക്ക്.

### പാൽ ഉൽപാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് അധികമായി വാങ്ങിയ പാലിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് എന്നും വ്യക്തമാക്കുമോ ; | (എ) | കൃത്യമായി കണക്കായിട്ടില്ല. എന്നാൽ 11/09/2016 മുതൽ 20/09/2016 വരെയുള്ള കാലയളവിൽ മേഖലാ യൂണിയനുകൾ (തിരുവനന്തപുരം, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ) മുഖേന തമിഴ്-നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 56,55,683 ലിറ്റർ പാൽ വാങ്ങിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടു-ത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിറുത്തിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ |

പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ സംസ്ഥാനത്ത് പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.